DESPATCHED
On...04/03/2020

11/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.965(6)/2017/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.12426/SIC-Gen5/2017**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

അഡ്വ. റോണി ജെ. കരിപ്പാശ്ശേരിൽ,
തെക്കേത്തലക്കൽ,
നരിയാനാനി പി.ഒ.,
പൊൻകുന്നം, കോട്ടയം – 686 506.
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ഓഫീസ്
ദേവലോകം, മുട്ടമ്പലം പി.ഒ.,
കോട്ടയം – 686 004.
} എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 24/07/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 18/08/2017 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 26/08/2017 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 19/09/2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 03/02/2020 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10/02/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 11/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോട്ടയം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ അഡ്വ. റോണി ജെ. കരിപ്പാശ്ശേരിൽ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ എതിർകക്ഷി നാളിതുവരെ യാതൊരു മറുപടിയും നൽകിയിട്ടില്ല എന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ പ്രസ്താവിച്ചത്, പി.എസ്.സി., എൽ.ഡി.സി. ലിസ്റ്റിൽ (കാറ്റഗറി നമ്പർ: 218/2013) ഉൾപ്പെട്ട ഒരു ഉദ്യോഗാർത്ഥിയാണ് ടിയാനെന്നും 155781 എന്ന രജിസ്റ്റർ നമ്പറുള്ള ഹർജിക്കാരനാണെന്നും ആയതുമായി ബന്ധപ്പെട്ട് താഴെ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകണമെന്നുമാണ്:

i. മേൽപ്പടി ലിസ്റ്റിലെ Blind person എന്ന വിഭാഗത്തിൽ എത്ര പേരാണ് ഉൾപ്പെട്ടിരിക്കുന്നതെന്നും

ii. അതിൽ എത്രാമതായാണ് ഹർജിക്കാരന്റെ പേര് ഉൾപ്പെട്ടിരിക്കുന്നതെന്നും

iii. ഇതുവരെ Blind person ലിസ്റ്റിൽ നിന്നും എത്ര പേർക്കാണ് ജോലിക്കുള്ള advice കൊടുത്തിട്ടുള്ളതെന്നും അവരുടെ പേര്, മേൽവിലാസം, റാങ്ക് എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ നൽകണമെന്നും മറ്റുമായി 4 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ 18.8.2017 തീയതി മറുപടി നൽകിയിരുന്നു എന്നും ആയതിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുന്നു എന്നുമാണ്. മേൽപ്പടി മറുപടി ഹർജിക്കാരന് 23.8.2017 തീയതിയായി അയച്ചു നൽകിയിരുന്നു എന്നു സ്ഥാപിക്കുന്ന ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്ററിന്റെ പ്രസക്ത പേജിന്റെ പകർപ്പ് കമ്മീഷൻ മുമ്പാകെ ഹാജരാക്കുകയും ചെയ്തു.

4. മേൽ പ്രസ്താവിച്ച വസ്തുതകളിൽ നിന്നും ഹർജിക്കാരന്റെ അപേക്ഷയിന്മേൽ മറുപടി നൽകിയിരുന്നതായും ആയത് ഹർജിക്കാരന് 23.8.2017 തീയതി അയച്ചു കൊടുത്തിരുന്നതായും കാണുന്നു. 18.8.2017 തീയതി തയ്യാറാക്കിയ മറുപടി ഹർജിക്കാരന് അയച്ചു കൊടുത്തതിൽ കാലതാമസം വരുത്തിയിട്ടുള്ളതായി കാണുന്നു. ഇക്കാര്യത്തിൽ എതിർകക്ഷി വേണ്ടത്ര ശ്രദ്ധ പതിപ്പിക്കണമെന്ന് കമ്മീഷൻ ടിയാനെ ഓർമ്മപ്പെടുത്തുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 11-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us